വർഷം	*വാർഷിക വളർച്ചാനിരക്ക് (ശതമാനം)*
1996-97 . .	4.00
1997-98 . .	2.20
1998-99 . .	7.00
1999-2000 . .	6.80
2000-01 . .	2.60
2001-02 . .	4.00*
2002-03 . .	6.10*
2003-04 . .	7.20*

(ബി)

വർഷം	*വാർഷിക വളർച്ചാനിരക്ക് (ശതമാനം)*
2001-02 . .	4.00*
2002-03 . .	6.10*
2003-04 . .	7.20*

(സി) 2000-01 സാമ്പത്തിക വളർച്ചാനിരക്ക് 2.6 ശതമാനമായിരുന്നു. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2001-02 മുതൽ വളർച്ചാനിരക്കിൽ വർദ്ധനവുണ്ടായിട്ടുള്ളതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. ഇത് 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിൽ യഥാക്രമം 4.0, 6.1, 7.2 എന്നീ ശതമാനം വീതമാണ്. ഈ സർക്കാർ ഏറ്റെടുത്തു വിജയകരമായി നടപ്പാക്കിവരുന്ന കേരളവികസന പദ്ധതി മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ്, വിവിധ വകുപ്പുകൾ വഴി ഫലപ്രദമായി നടപ്പാക്കിവരുന്ന ജനോപകാരപ്രദമായ പരിപാടികൾ മുതലായ കാര്യങ്ങൾ ആണ് ഇതിനു കാരണമെന്ന് സർക്കാർ കരുതുന്നു.

കുടിശ്ശികയായ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

13 [325] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളിൽ പലതും മുടങ്ങിക്കിടക്കുകയാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഇപ്പോൾ നൽകിവരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

---

* താൽക്കാലിക കണക്ക്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ പെൻഷൻ പദ്ധതിയിലും സംസ്ഥാനത്ത് എത്ര പേർക്ക് വീതമാണ് പെൻഷൻ നൽകുന്നത് എന്ന് അറിയിക്കാമോ;

(ഡി) ഇവ ഓരോന്നും എന്നുമുതൽ കുടിശ്ശികയാണ് എന്ന് കണക്കാക്കി യിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇത്തരം പെൻഷനുകൾ നൽകുന്നതിന് പ്രതിമാസം എത്ര തുകയാണ് ചെലവാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും അമ്പതുവയസ്സിനു മുകളിലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ സാമൂഹ്യക്ഷേമ പെൻഷനുകൾ 12/2003 വരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ മേൽപ്പറഞ്ഞ (പെൻഷനുകൾക്കായി 2004-05 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 1890.39 ലക്ഷം രൂപ ഇതിനകം ജില്ലാകളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്). ഈ തുക വിനിയോഗിച്ചുള്ള പെൻഷൻ വിതരണം നടന്നുവരുന്നു. ആയതിനാൽ ഈ പെൻഷനുകൾ ഇപ്പോൾ മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കർഷകത്തൊഴിലാളി പെൻഷൻ, കശുവണ്ടി തൊഴിലാളി പെൻഷൻ, ചുരുട്ടു തൊഴിലാളി പെൻഷൻ എന്നിവയിൽ ഏതാനും മാസത്തെ കുടിശ്ശിക നൽകാനുണ്ട്.

(ബി) അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും അമ്പതുവയസ്സിനു മുകളിലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, കശുവണ്ടി തൊഴിലാളി പെൻഷൻ, ചുരുട്ടു തൊഴിലാളി പെൻഷൻ എന്നിവ യാണ് സർക്കാർ ഇപ്പോൾ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ.

(സി) ഓരോ പെൻഷൻ പദ്ധതിയിലുമുള്ള ഗുണഭോക്താക്കളുടെ എണ്ണം താഴെ പറയുന്ന പ്രകാരമാണ്:

അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ	. .	1,48,553
വിവിധ പെൻഷൻ	. .	2,30,402
വാർദ്ധക്യകാല പെൻഷൻ	. .	1,34,600
അവിവാഹിതകളും അമ്പതുവയസ്സിനു മുകളിലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	. .	24,232
കർഷകത്തൊഴിലാളി പെൻഷൻ	. .	6,25,182
കശുവണ്ടി തൊഴിലാളി പെൻഷൻ (തൊഴിലാളി ക്ഷേമ പദ്ധതി നിലവിൽ വരുന്നതിനുമുൻപ്)	. .	11,393
ചുരുട്ടു തൊഴിലാളി പെൻഷൻ	. .	437

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ, വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും അമ്പതുവയസ്സിനു മുകളിലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ എന്നീ പെൻഷനുകളിൽ ഇപ്പോൾ കുടിശ്ശികയില്ല. കർഷകത്തൊഴിലാളി പെൻഷൻ 1-11-2002 മുതൽ കുടിശ്ശികയാണ്. കശുവണ്ടി തൊഴിലാളി പെൻഷന് (ക്ഷേമനിധി നിലവിൽ വരുന്നതിനുമുൻപ് വിരമിച്ചവർ) 12 മാസത്തെ കുടിശ്ശികയും ചുരുട്ടു തൊഴിലാളി പെൻഷൻ 3 മാസത്തെ കുടിശ്ശികയും നൽകാനുണ്ട്.

(ഇ) ഈ പെൻഷനുകൾ നൽകുന്നതിന് പ്രതിമാസം ആവശ്യമായ തുക ഏകദേശം താഴെ പറയുന്ന പ്രകാരമാണ്.

അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ	. .	171.58 ലക്ഷം രൂപ
വിധവ പെൻഷൻ	. .	266.11 ലക്ഷം രൂപ
വാർദ്ധക്യകാല പെൻഷൻ	. .	155.46 ലക്ഷം രൂപ
അവിവാഹിതകളും അമ്പതുവയസ്സിനു മുകളിലുമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	. .	27.99 ലക്ഷം രൂപ
കർഷകത്തൊഴിലാളി പെൻഷൻ	. .	787.73 ലക്ഷം രൂപ
കശുവണ്ടി തൊഴിലാളി പെൻഷൻ	. .	14.80 ലക്ഷം രൂപ
ചുരുട്ടു തൊഴിലാളി പെൻഷൻ	. .	45,885 ലക്ഷം രൂപ

എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച വ്യവസ്ഥകൾ

14 [326] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ഉത്തരവിറക്കാനുള്ള സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രാദേശിക വികസന ഫണ്ട് അൺ എയിഡഡ് സ്കൂളുകൾക്കും മറ്റും അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്ന പണികൾക്ക് നൽകാമെന്ന വ്യവസ്ഥ പിൻവലിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) അൺ എയിഡഡ് സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകുന്ന വ്യവസ്ഥകൾ പിൻവലിച്ച് അതേ മാനദണ്ഡത്തിൽ പ്രസ്തുത ഉത്തരവിന്റെ 6.3 ഖണ്ഡികയിൽ പ്രതിപാദിക്കുന്ന സൊസൈറ്റികൾക്കും ട്രസ്റ്റുകൾക്കും ഫണ്ട് നൽകാനുള്ള വ്യവസ്ഥയുംകൂടി പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly